കെ. എസ്. ഇ. ബി. യിൽ ചെലവു ചുരുക്കൽ പദ്ധതി

169 [182] *ശ്രീ. ടി. പി. എം. സാഹിർ:*
„ *യു. സി. രാമൻ:*
„ *പി. കെ. കെ. ബാവ:*
„ *സി. മോയിൻകുട്ടി:*
„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിൽ ചെലവു ചുരുക്കൽ പദ്ധതി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പദ്ധതി നടപ്പിലാക്കുവാനായി ഇതുവരെ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇതുകൊണ്ടുണ്ടായ ഫലമെത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസക്തമല്ല.

(സി) & (ഡി) കെ. എസ്. ഇ. ബി - യിൽ ചെലവു ചുരുക്കൽ പദ്ധതി നടപ്പിലാക്കുവാനായി ഇതുവരെ എടുത്തിട്ടുള്ള നടപടികളും അതുകൊണ്ടുണ്ടായ ഫലങ്ങളും താഴെപ്പറയുന്ന പ്രകാരമാണ്:

(1) എൻ. ടി. പി. സി.-യുടെ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി തമിഴ്നാടുമായി പങ്കുവയ്ക്കാൻ തീരുമാനിച്ചതുവഴി ഫിക്സഡ് ചാർജ്ജിനത്തിൽ പ്രതിമാസം ഏകദേശം 9.50 കോടി രൂപയുടെ കുറവുണ്ട്.

(2) കിഴക്കൻമേഖലയിൽ നിന്നും 110 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുക വഴി കൂടിയ വിലയ്ക്കുള്ള കായംകുളം വൈദ്യുതി ഒഴിവാക്കാനും അതുവഴി പ്രതിമാസം ഉദ്ദേശ്യം 14 കോടി രൂപയുടെ കുറവു വരുത്തുവാനും ഇപ്പോൾ സാധിക്കുന്നുണ്ട്.

(3) കൂടിയ പലിശനിരക്കിലുള്ള കടങ്ങൾ കുറഞ്ഞ നിരക്കിലുള്ള കടങ്ങളായി മാറ്റിയത് (സ്വാപ്പിംഗ് ഓഫ് ലോൺസ്) വഴി പ്രതിമാസം 3.11 കോടി രൂപ പലിശയിനത്തിൽ കുറയ്ക്കുവാൻ സാധിച്ചു.

(4) സാധനസാമഗ്രികൾ സമയബന്ധിതമായും ടെണ്ടർ നടപടികൾ കൃത്യമായി പാലിച്ചും മാത്രം വാങ്ങിക്കുന്നതുകൊണ്ട് ആവശ്യത്തിൽ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോക്ക് വേണ്ടി വരുന്നില്ല. ഈ നടപടികൾ വഴി 31-3-2002-ൽ 508.14 കോടി രൂപയുടെ സ്റ്റോക്ക് ഉണ്ടായിരുന്നത് 31-3-2005-ൽ 263.74 കോടി രൂപയുടേതായി കുറയ്ക്കുവാൻ സാധിച്ചു.

(5) പെൻഷൻ തുക മണിയോർഡർ ആയി അയയ്ക്കുന്നത് നിയന്ത്രിച്ചതുമൂലം പ്രതിമാസം 5 ലക്ഷം രൂപ ലാഭിക്കാൻ കഴിഞ്ഞു.

(6) ജീവനക്കാർ അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് അധിക വേതനം നൽകുന്നതിന് പകരം കോമ്പൻസേറ്ററി ഓഫ് നൽകുന്നതുവഴി ഈ ഇനത്തിൽ പ്രതിമാസം ഏകദേശം ഒരു കോടി രൂപയുടെ ചെലവ് ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

2002-03, 2003-04 എന്നീ വർഷങ്ങളിൽ പുതിയ റിക്രൂട്ട്മെന്റുകളിൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിലൂടെയും നിലവിലുള്ള ജീവനക്കാരുടെ പുനർവിന്യാസത്തിലൂടെയും ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പരസ്യച്ചെലവുകൾ, ഇന്ധനച്ചെലവുകൾ, ടെലിഫോൺ ചെലവുകൾ തുടങ്ങി ഭരണപരമായ ചെലവുകൾ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതുവഴി ചെലവ് കുറയ്ക്കാൻ കഴിഞ്ഞു. ആർജ്ജിതാവധി സറണ്ടറിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ഓഫീസർമാരുടെ എലോങ്കേഷൻ ഇൻക്രിമെന്റ് നിർത്തലാക്കിയും ചെലവ് ചുരുക്കാൻ കഴിഞ്ഞു. അതാത് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നെഗോഷ്യേറ്റഡ് പർച്ചേസ് കമ്മിറ്റി ഏർപ്പെടുത്തി ബോർഡിന്റെ ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതുവഴി ചെലവു കുറയ്ക്കാൻ കഴിഞ്ഞു. ഉയർന്ന നിരക്കിലുള്ള വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ഓഫീസുകൾ കുറഞ്ഞ വാടകയുള്ള കെട്ടിടങ്ങളിലേക്കും ബോർഡിന്റെ സ്വന്തം കെട്ടിടങ്ങളിലേക്കും മാറ്റിയതു വഴിയും ബോർഡിന് ലാഭമുണ്ടായിട്ടുണ്ട്.

വൈദ്യുത പദ്ധതികളുടെ നവീകരണം

170 [183] *ശ്രീ. ഇ. എം. അഗസ്തി:*
,, പി. ടി. തോമസ്:
,, എം. മുരളി:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വൈദ്യുത പദ്ധതികൾക്ക് അടിയന്തിരമായി നവീകരണം നടത്തേണ്ടതുണ്ട്;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥാപിതശേഷി എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly